**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5119** **11-08-2021 - ൽ മറുപടിയ്ക്ക്**

**ബഡ്‌സ് സ്കൂളുകളിലെ ജീവനക്കാരുടെ പ്രതിമാസ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പ്രതിമാസ ഓണറേറിയം/ശമ്പളം ആയി ഇപ്പോൾ എത്ര തുകയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പ്രതിമാസ ഓണറേറിയം/ശമ്പളം നല്കുന്നത് 07/02/2018 ലെ സ.ഉ.(എം.എസ്)നം.20/2018/തസ്വഭവ പ്രകാരമാണ്. അതിൻ പ്രകാരം നിലവിലെ ബഡ്സ് സ്കൂളുകളിലെ ജീവനക്കാരുടെ പ്രതിമാസ ഓണറേറിയം/ശമ്പളം താഴെപ്പറയും പ്രകാരമാണ്. ബഡ്സ് സ്കൂളുകളിൽ ജോലി ചെയ്യുന്ന Rehabilitation Council of India (RCI) യുടെ അംഗീകൃത പരിശീലനം സിദ്ധിച്ച അധ്യാപകർക്ക് 30,675/- രൂപയും നിശ്ചിത യോഗ്യത ഇല്ലാത്ത അധ്യാപകർക്ക് 23,100/- രൂപയും ആണ് പ്രതിമാസ ഓണറേറിയം/ശമ്പളം. മുകളിൽ പറഞ്ഞ ഉത്തരവ് പ്രകാരം ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ആയമാർക്ക് പ്രതിമാസ ഓണറേറിയം/ശമ്പളം 17,325/- രൂപയാണ്. |
| (ബി) | സർക്കാർ പ്രഖ്യാപിച്ച മാസ വേതനം അവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ പ്രഖ്യാപിച്ച പ്രതിമാസ വേതനം ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്നവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നുണ്ട്. |
| (സി) | ഇവർക്ക് കിട്ടുന്ന വേതനം വർദ്ധിപ്പിക്കാൻ ശിപാർശകൾ ഉണ്ടോ; വ്യക്തമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ